Draft #1 of File 155121/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 06-Dec-2021 03:37 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല

**മഹാത്മാഗാന്ധി സർവ്വകലാശാല**

155121/AC A1-2/2021/AC A 1
06.12.2021

## പരിപത്രം

| | |
|---|---|
| വിഷയം :- | സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം - സർക്കാരിൽ നിന്നും ഫീസ് ആനുകൂല്യത്തിന് അർഹതയുള്ള വിദ്യാർത്ഥികളിൽ നിന്നും പ്രവേശനസമയത്ത് മുൻകൂറായി തുക ഈടാക്കരുതെന്ന് നിർദേശം നൽകുന്നത്-സംബന്ധിച്ച്:-:- |

സൂചന : 1.)No.BCDIR/708/2021-A3 dtd.08.11.2021

സർവ്വകലാശാലയുടെ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും പഠനവകുപ്പുകളിലെയും വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനസമയത്ത്, സർക്കാരിൽ നിന്നും ഫീസ് ആനുകൂല്യത്തിന് അർഹതയുള്ള വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും മുൻകൂറായി തുക ഈടാക്കരുതെന്ന് കർശന നിർദേശം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും സൂചന (1) കത്ത് ലഭിച്ചിരിക്കുന്നു.പ്രസ്തുത കത്തിലെ നിർദേശം, സർവ്വകലാശാലയുടെ എല്ലാ അഫിലിയേറ്റഡ് കോളേജുകളും പഠന വകുപ്പുകളും പാലിക്കേണ്ടതാണ്. വിശദ വിവരങ്ങൾ അടങ്ങിയ സൂചന കത്ത് ഇതോടൊപ്പം ചേർക്കുന്നു.

ഉള്ളടക്കം :-മേൽസൂചന കത്ത്

**കാഞ്ചന എൻ നായർ**
**അസിസ്റ്റന്റ് രജിസ്ട്രാർ I ( അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്

1.സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകൾ/പഠന വകുപ്പുകൾ
2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
5.പരീക്ഷ/ അക്കാദമിക്/ ഫിനാൻസ് സെക്ഷനുകൾ
6.പി.ആർ.ഒ./എൻക്വയറി / ഐ.ക്യൂ.എ .സി / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

Draft #1 of File 155121/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 06-Dec-2021 03:37 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം -695003, ഫോൺ/ഫാക്സ് – 0471 2727379
ഇമെയിൽ – bcddkerala@gmail.com, വെബ്സൈറ്റ് -www.bcdd.kerala.gov.in

**BCDIR/708/2021-A3** തീയതി :08/11/2021

ഭരണഭാഷ – മാതൃഭാഷ

സ്വീകർത്താവ്
രജിസ്ട്രാർ
എല്ലാ യൂണിവേഴ്സിറ്റികളും

വിഷയം:- പി.വി.വി.വ -സ്ഥാപനങ്ങള് മുൻകൂർ ഫീസ് വാങ്ങുന്നത് – സംബന്ധിച്ച്.

സൂചന :- 1) സ.ഉ(സാധാ).നം.26/2019/പിവിവിവ തീയതി 21.11.2019
2) G.O(P)No.50/2009/പജപവവിവ തീയതി 02.07.2009

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും താങ്കളുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു . സംസ്ഥാനത്തെ പട്ടികജാതി /പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികള്ക്കുള്ള വിദ്യാഭ്യാസാനുകൂല്യം സംബന്ധിച്ച് സൂചന(2)പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിൻപ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെറിറ്റിലും റിസർവേഷനിലും പ്രവേശനം നേടുന്ന മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ നിയമാനുസൃതമായ ഫീസുകളെല്ലാം സർക്കാർ അനുവദിച്ചു നല്കുന്നതാണ്. ടി വിദ്യാർത്ഥികളിൽ നിന്ന് പ്രവേശന സമയത്ത് മുൻകൂറായി തുക ഈടാക്കുന്നത് അവസാനിപ്പിക്കണമെന്ന് ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ നിരവധി സ്ഥാപനങ്ങൾ (സ്വയംഭരണ കോളേജുകൾ, യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന സ്ഥാപനങ്ങൾ എന്നിവ അടക്കം ) വിദ്യാർത്ഥികളിൽ നിന്ന് മുൻകൂർ തുക ഈടാക്കുന്നതായി ഈ ഓഫീസിൽ ലഭിക്കുന്ന ഫോൺ സന്ദേശങ്ങളിൽ നിന്ന് മനസ്സിലാക്കുന്നു. ഇത്തരത്തിൽ മുൻകൂർ തുക വാങ്ങുന്നത് നിയമവിരുദ്ധമായും അത്തരം പരാതികൾ സംബന്ധിച്ച് കർശന നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള ചുമതല പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർക്ക് നൽകിയും സൂചന (2) ൽ ഉത്തരവായിട്ടുള്ളതാണ്.

ടി സാഹചര്യത്തിൽ താങ്കളുടെ യൂണിവേഴ്സിറ്റിയുമായി അഫിലേയറ്റ് ചെയ്തിട്ടുള്ള എല്ലാ സർക്കാർ കോളേജുകൾ, സർക്കാർ എയ്ഡഡ് കോളേജുകൾ, സ്വയംഭരണ കോളേജുകൾ (Autonomous Colleges), യൂണിവേഴ്സിറ്റി സെന്റർ എന്നിവയുടെ മേധാവികൾക്കും കുട്ടികളിൽ നിന്ന് മുൻകൂർ തുക ഈടാക്കരുതെന്ന കർശന നിർദ്ദേശം നൽകുന്നതിന് അഭ്യർത്ഥിക്കുന്നു. സൂചന ഒന്ന് ഉത്തരവ് അനുബന്ധമായി ചേർക്കുന്നു

വിശ്വസ്തതയോടെ,

DEVIDAS N IAS
DIRECTOR

പകർപ്പ്: 1.എൻടൻസ് കമ്മിഷണർ(ആമുഖ കത്ത് സഹിതം)
2.ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ,
3.മേഖല ഡെപ്യൂട്ടി ഡയറക്ടർമാർ,പിന്നാക്ക വിഭാഗ വികസന വകുപ്പ്

Draft #1 of File 155121/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 06-Dec-2021 03:37 PM - Page 3

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസനം - ഒ.ഇ.സി. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ - ദിനേശൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള തുടർ നടപടികൾക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ)നം.126/2019/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 21.11.2019.

പരാമർശം:- 1. 20.02.2018 -ലെ സ.ഉ.(കൈ)നം. 55/2018/ഉ.വി.വ.

2. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 21.08.2019 -ലെ ബി.സി.ഡി.ഐ.ആർ/ബി2/303/2019 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ദിനേശൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ 20 -ൽ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്റ്റൈപ്പന്റ് കോളേജ് / സ്ഥാപന അധികൃതർ വിദ്യാർത്ഥികൾക്ക് നൽകാതെ ന്യായ വിരുദ്ധമായി ഉപയോഗിക്കുന്നതായും ഇതേക്കുറിച്ച് അന്വേഷിച്ച് പ്രഥമ ദൃഷ്ട്യാ ബോധ്യമായാൽ പോലീസ് വിജിലൻസിനെ അറിയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികളിൽ നിന്നും, ഒ.ഇ.സി.യ്ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും ഫീസ് മുൻകൂർ ഈടാക്കുന്നത് അവസാനിപ്പിക്കുവാൻ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകിയും ഇത്തരം ആരോപണം ശരിയാണെന്ന് പ്രഥമ ദൃഷ്ട്യാ ബോധ്യമായാൽ പോലീസ് വിജിലൻസ് സെല്ലിനെ അറിയിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**

**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം

എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം

ഉന്നത വിദ്യാഭ്യാസ വകുപ്പ് (ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുന്നതിനായി)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം